പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1973

16.02.2016-ൽ മറുപടി നൽകേണ്ടത്

## ഡി.വൈ.എസ്.പി-ക്കെതിരായ പരാതി

| ചോദ്യം<br>ശ്രീമതി. കെ.കെ. ലതിക | മറുപടി<br>രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) താമരശ്ശേരി ഡി.വൈ.എസ്.പി-യായിരുന്ന ശ്രീ. ജയ്സൺ എബ്രഹാം നാദാപുരം പാറക്കടവ് പീഡനക്കേസിൽ ഇടപ്പെട്ടത് സംബന്ധിച്ച് നൽകിയ പരാതിയിൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) താമരശ്ശേരി ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. ജയ്സൺ എബ്രഹാം നാദാപുരം പാറക്കടവ് പീഡനക്കേസിന്റെ അന്വേഷണത്തിൽ (വളയം പോലീസ് സ്റ്റേഷൻ ക്രൈം നം. 512/2014) ഇടപെട്ടു എന്നത് സംബന്ധിച്ച് ലഭിച്ച പരാതിയിൽ അന്വേഷണം നടത്തുന്നതിനായി നാദാപുരം ഡി.വൈ.എസ്.പി-യെ ചുമതലപ്പെടുത്തുകയുണ്ടായി. 12.11.2014-ാം തീയതി നാദാപുരം ഡി.വൈ.എസ്.പി.യുടെ അഭാവത്തിൽ താമരശ്ശേരി ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. ജയ്സൺ എബ്രഹാം, ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശ പ്രകാരം ടി കേസിലെ അന്വേഷണ ഉദ്യോഗസ്ഥനെ സഹായിക്കാനായി നാദാപുരം ഇൻസ്പെക്ടറുടെ ഓഫീസ് സന്ദർശിച്ചിട്ടുള്ളതായും എന്നാൽ ടി കേസിൽ ആരെയെങ്കിലും പ്രതിയാക്കാൻ യാതൊരു വിധത്തിലും ടിയാൻ ഇടപെട്ടിട്ടില്ല എന്നും അന്വേഷണത്തിൽ വെളിവായിട്ടുള്ളതാണ്. ആയതിനാൽ താമരശ്ശേരി ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. ജെയ്സൺ.കെ.എബ്രഹാം ഈ കേസിൽ ഇടപെട്ടു എന്ന ആരോപണത്തിന്മേൽ ടിയാനെതിരെ നടപടി സ്വീകരിച്ചിട്ടില്ല. |
| ബി) പരാതി സംബന്ധമായി അന്വേഷണം നടത്തിയത് ഏത് ഉദ്യോഗസ്ഥനാണെന്ന് വിശദമാക്കാമോ? | ബി) നാദാപുരം ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. പ്രജീഷ് തോട്ടത്തിൽ ആണ് അന്വേഷണം നടത്തിയത്. |

സെക്ഷൻ ഓഫീസർ